ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി
ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ, പൈനാവ്.പി.ഒ
കുയിലിമല, പിൻ – 685603
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

---

**ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**
**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല – കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്തു/ വിടുതൽ ചെയ്തു – കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും സെക്ടറൽ മജിസ്ട്രേറ്റുമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചും ഉത്തരവാകുന്നു.

പരാമർശം : 1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 10/2021/DMD തീയതി 04.01.2021
3) ഈ കാര്യാലയത്തിലെ 01-02-2021 ലെ DCIDK/4622/2020-DM1 നമ്പർ നടപടിക്രമം.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 15-02-2021 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ DCIDK/65/2021 – DM1 തീയതി: 15-02-2021**

കൊവിഡ് – 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് . കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും , ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് – 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ / പ്രദേശങ്ങൾ കണ്ടെയ്ൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കിയും പ്രസ്തുത മേഖലയിലേക്ക് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ചുവടെ ചേർക്കുന്ന സെക്ടറൽ മജിസ്ട്രേറ്റിനെ പ്രസ്തുത മേഖലയിലെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയും** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻ മെന്റ് സോൺ | ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്ന സെക്ടറൽ മജിസ്ട്രേറ്റ് |
|---|---|---|---|
| 1. | കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് | 3-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന തൊമ്മൻകുത്ത് മിൽമ മുതൽ പുഴ വരെയുള്ള റോഡിന്റെ ഇരു വശങ്ങളും. | ശ്രീ. മധുസൂധനൻ പിള്ള, സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഇന്റലിജൻസ് സ്ക്വാഡ് II, ജി.എസ്.റ്റി വകുപ്പ്, മിനി സിവിൽ സ്റ്റേഷൻ, തൊടുപുഴ. – 9495910946 |
| 2. | ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് | 5-ാം വാർഡ് (ചീനിക്കുഴി) പൂർണ്ണമായും. | |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ / പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതും, പ്രസ്തുത മേഖലകളിൽ ചുവടെ ചേർക്കും പ്രകാരം സെക്ടറൽ മജിസ്ട്രേറ്റമാർ ഡ്യൂട്ടിയിൽ തുടരുന്നതുമാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻ മെന്റ് മേഖല | ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുന്ന സെക്ടറൽ മജിസ്ട്രേറ്റ് |
|---|---|---|---|
| 1. | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് | വാർഡ് 10, 11 എന്നിവയിൽ ഉൾപ്പെടുന്ന<br>• വടക്കേ കരിശുമല മുതൽ ഉമസ്തൻപടി വരെ (സന്യാസിയോട റോഡ്)<br>• 40 ഏക്കർ മുതൽ സി കെ കുട്ടപ്പന്റെ വീട് വരെ<br>• ഉമസ്തൻപടി മുതൽ സി കെ കുട്ടപ്പന്റെ വീട് വരെ<br>• പാമ്പാടുംപാറ കാർഡമം റിസേർച്ച് സ്റ്റേഷൻ മുതൽ 40 ഏക്കർ വരെ | ശ്രീമതി. മേഴ്സി, സ്റ്റേറ്റ് ടാക്സ് ഓഫീസർ, ജി.എസ്.റ്റി, നെടുങ്കണ്ടം. – 9744839464 |
| 2. | ഇടുക്കി – കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | 2–ാം വാർഡ് പൂർണ്ണമായും. | |
| 3. | മരിയാപുരം ഗ്രാമ പഞ്ചായത്ത് | 1–ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന കൊച്ചു കരിമ്പനിലെ മില്ലുംപടി മുതൽ സി.എസ്.ഐ കുന്ന് വരെയുള്ള ഭാഗങ്ങൾ | ശ്രീ. മനോജ് എ.സി, കമ്പ്യൂട്ടർ പ്രോഗ്രാമർ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, പൈനാവ് – 9846550959 |
| 4. | വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് | a) 9 –ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന തോപ്രാംകുടി – ബഥേൽ റോഡിൽ സ്കൂൾ സിറ്റി മുതൽ നാലുതുൺ വരെയുള്ള ഭാഗങ്ങൾ<br>b) 17 –ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന പതിനാറാംകണ്ടം സിറ്റി, മുരിക്കാശ്ശേരി – കരിമ്പൻ റോഡിൽ മാടപ്പള്ളി ക്ലിനിക്ക് മുതൽ മാക്ക് മുക്ക് വരെയും<br>c) 8 –ാം വാർഡിലെ ബഥേൽ സിറ്റി<br>d) 2 –ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ലൈബ്രറി റോഡിൽ മുരിക്കാശ്ശേരി പമ്പ് മുതൽ താഴേപ്പാടം വരെയുള്ള ഭാഗങ്ങൾ | |
| 5. | ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് | 12–ാം വാർഡിലെ എസ്റ്റേറ്റ് പൂപ്പാറ ടൌൺ മുതൽ 11–ാം വാർഡിലെ തേയില ചെരിവ് വരെയുള്ള ഭാഗങ്ങൾ | ശ്രീ. സുരേഷ് ഇ.പി, താലൂക്ക് സപ്ലൈ ഓഫീസർ, ഉടുമ്പൻ ചോല – 9188527366 |
| 6. | ഏലപ്പാറ ഗ്രാമ പഞ്ചായത്ത് | 9 ആം വാർഡ് പൂർണ്ണമായി | ശ്രീ അജ്മോൻ കെ വർഗീസ്, അസിസ്റ്റൻറ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കുമളി 9446131059 |

| | | | |
|---|---|---|---|
| 7. | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | വാർഡ് 4 പൂർണ്ണമായി | ജോവിൻ എം എം ഡെപ്യൂട്ടി ലേബർ ഓഫീസർ, മൂന്നാർ 9895772767 |

**കണ്ടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

കൊവിഡ് -19 ജാഗ്രത പോർട്ടലിൽ പ്രസ്തുത കണ്ടെയിൻമെന്റ് മേഖലകളുടെ മാപ്പിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത മാപ്പിംഗ് ജില്ലാ തലത്തിൽ പരിശോധിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും കേരള സ്റ്റേറ്റ് ഐറ്റി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ, ഇടുക്കി കളക്ടറേറ്റിലെ ഹെഡ് ക്ലർക്ക് ശ്രീ. അനിൽ കെ. ഐസക്ക് എന്നിവരെ ചുമതലപ്പെടുത്തുന്നു.

ഈ ഉത്തരവിന് ഇന്നേ ദിവസം **(15.02.2021)** മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ –

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
8. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
9. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് –

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ പ്രോജക്ട് മാനേജർ, കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, ഇടുക്കി ( കൊവിഡ് -19 ജാഗ്രത പോർട്ടലിൽ കണ്ടെയിൻമെന്റ് സോൺ മാപ്പിംഗ് നടത്തുന്നതിലേക്കായി)
5. ശ്രീ. അനിൽ കെ. ഐസക്ക്, ഹെഡ് ക്ലർക്ക്, കളക്ടറേറ്റ്, ഇടുക്കി.
6. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്
7. പ്രിൻസിപ്പൽ, ഗവ.എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
8. ഡെപ്യൂട്ടി കമ്മീഷണർ, ജി.എസ്.റ്റി വകുപ്പ്, കട്ടപ്പന.
9. ജില്ലാ സപ്ലൈ ഓഫീസർ, ഇടുക്കി.
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കട്ടപ്പന
11. വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, തൊടുപുഴ